**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1947** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഗ്രാമീണ മേഖലകളിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമീണ മേഖലകളിൽ മതിയായ സൗകര്യങ്ങളോടുകൂടിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | ഗ്രാമീണ മേഖലകളിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് തടസങ്ങൾ ഒന്നും നിലവിലില്ല. എന്നാൽ ഡിപ്ലോമ/ബിരുദ/ ബിരുദാനന്തര തലങ്ങളിൽ സാങ്കേതിക കോഴ്സുകൾ ആരംഭിക്കുന്നതിന് AICTE യുടെ അംഗീകാരം ആവശ്യമാണ്. AICTE അംഗീകാരം ലഭ്യമാകുന്ന കോഴ്സുകൾ ഉൾപ്പെടുത്തിക്കൊണ്ട് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി ഏറ്റെടുത്ത് നൽകിയാൽ പുതിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പരിഗണന നൽകുമോ; വിശദാംശം? | (ബി) | ഡിപ്പോമ/ബിരുദ/ബിരുദാനന്തര തലങ്ങളിൽ സാങ്കേതിക കോഴ്സുകൾ ആരംഭിക്കുന്നതിന് AICTEയുടെ അംഗീകാരം ആവശ്യമാണ്. ഇതിന് സ്വന്തം സ്ഥലം, അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ AICTE നിർദേശിക്കുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച് പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് AICTE വ്യവസ്ഥകൾ പ്രകാരം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ